# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1680 | 05.02.2019-ലെ മറുപടിയ്ക്ക്

## തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ വിവിധ വകുപ്പുകളുടെ സംയോജനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | | ശ്രീ.എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | |
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ വിവിധ വകുപ്പുകളുടെ സംയോജനം കൊണ്ട് എന്തെല്ലാം നേട്ടമാണ് സർക്കാരിനും പൊതു ജനങ്ങൾക്കും ഉണ്ടാകുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | വകുപ്പുതല ഏകോപനവും, പദ്ധതി സംയോജനവും, നിർവ്വഹണവും മികച്ച രീതിയിൽ നടപ്പിലാക്കുവാൻ പൊതു സർവ്വീസ് രൂപീകരണത്തിലൂടെ സാധിക്കുന്നതാണ്. പൊതുജന ങ്ങളുടേയും, ജനപ്രതിനിധികളുടേയും, ഉദ്യോഗസ്ഥരുടേയും സന്തുലിത പങ്കാളിത്തത്തിലൂടെ വികേന്ദ്രീകരണ പ്രസ്ഥാനത്തെ മുന്നോട്ട് നയിക്കാനുള്ള ഒരു ഭരണനിർവ്വഹണ സഹായക സംവിധാനമായിരിക്കും ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ്. |
| (ബി) | ഇത് സംബന്ധിച്ച് നിലവിൽ തയ്യാറാക്കിയ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | 2008-ലും 2016-ലും നിയമസഭയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗ ങ്ങളുടെയും 26.02.2011-ലെ ജി.ഒ.(എംഎസ്) നം.61/2011/ എൽഎസ്ജിഡി ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ വരുന്ന പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, തദ്ദേസ്വയംഭരണ എഞ്ചിനീയറിംഗ്, നഗര-ഗ്രാമാസൂത്രണം എന്നീ സർവ്വീസുകൾ ഏകോപിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് സ്പെഷ്യൽ റൂളുകൾ തയ്യാറാക്കാൻ ലോക്കൽ ഗവണ്മെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയിരുന്നു. ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ നടത്തിയ പഠന വിശകലനങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് സ്പെഷ്യൽ റൂളുകൾ സർക്കാർ പരിശോധിച്ചുവരുന്നു. |

www.principaldirectorate.lsgkerala.gov.in എന്ന വെബ്സൈറ്റിൽ പ്രസ്തുത കരട് സ്പെഷ്യൽ റൂൾ ലഭ്യമാണ്.

(സി) ജീവനക്കാരുടെ സീനിയോറിറ്റി, ട്രാൻസ്ഫർ, പ്രൊമോഷൻ എന്നീ കാര്യങ്ങളിൽ വ്യാപകമായ ആശങ്ക ഉള്ളത് ജീവനക്കാരിൽ അതൃപ്തി ഉളവാക്കിയിട്ടുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

(സി) സീനിയോറിറ്റി, ട്രാൻസ്ഫർ, പ്രൊമോഷൻ എന്നീ കാര്യങ്ങളിൽ ജീവനക്കാർക്കുള്ള ആശങ്കകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി കരട് വിശേഷാൽ ചട്ടങ്ങളിന്മേൽ ബന്ധപ്പെട്ട എല്ലാ വിഭാഗം സർവ്വീസ് സംഘടനകളുമായി സർക്കാർ 2018 നവംബർ 8, 9 തീയതികളിൽ ചർച്ച നടത്തുകയുണ്ടായി. സർവ്വീസ് സംഘടനകൾ ഉന്നയിച്ച ആക്ഷേപങ്ങളും, നിർദ്ദേശങ്ങളും, അഭിപ്രായങ്ങളും വിശദമായി പരിശോധിച്ച് കരട് ചട്ടങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ